**Bishop Stephen Chirappanath**
*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*
DOMUS MAR THOMA
Via degli Estensi, 137 – 00164 ROMA, ITALIA

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീസഹോദരന്മാരെ,

ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രതിസന്ധിയുടെ നടുവിലൂടെയാണ് മനുഷ്യവംശം നീങ്ങിക്കൊണ്ടിരിക്കുന്നത്. കോവിഡ് ബാധ ഏറ്റവും രൂക്ഷമായി മാറിയ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ജീവിക്കുന്ന നമുക്ക് ഇത് നിർണ്ണായകമായ അതിജീവനത്തിന്റെ കാലമാണ്. മനുഷ്യചരിത്രത്തിൽ മഹാമാരികൾ നിരവധി സംഭവിച്ചിട്ടുണ്ട്. 15-ാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ്, 20-ാം നൂറ്റാണ്ടിന്റെ ആദ്യ ഭാഗത്തായി സ്പാനിഷ് ഫ്ളൂ തുടങ്ങിയവയെയൊക്കെ അതിജീവിച്ചാണ് നാം ഇതുവരെ എത്തിയത്. അതിനാൽ ഈ പ്രതിസന്ധിയേയും ചരിത്രത്തെ നിയന്ത്രിക്കുന്നവനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നാം അതിജീവിക്കുകതന്നെ ചെയ്യും.

ദൈവാലയത്തിൽ പോകാനോ ദിവ്യബലിയർപ്പണത്തിൽ പങ്കുചേരാനോ കൂദാശകൾ സ്വീകരിക്കാനോ സാധിക്കാത്ത ഈ സമയത്തെ വിശ്വാസത്തിന്റെ ശൈത്യകാലമായി തെറ്റിദ്ധരിക്കരുത്. സഭയും വിശ്വാസവും ഒരു തരത്തിലും നിഷ്കൃയമാവുകയല്ല, മറിച്ച്, കൂടുതൽ ക്രിയാത്മകമാകുകയാണ് ഇപ്പോൾ. പരസ്യമായി ബലിയർപ്പിക്കാൻ സാമൂഹിക സുരക്ഷാനിയമങ്ങൾ അനുവദിക്കുന്നില്ലെങ്കിലും ലോകത്തെല്ലായിടത്തും വൈദികരും സഭാശുശ്രൂഷകരും നിഷ്ക്രിയരാകാതെ തങ്ങളുടെ അജഗണത്തിനായി വിരിച്ച കരങ്ങളോടെ സദാ കർത്താവിന്റെ ബലിപീഠത്തിനു മുമ്പിലുണ്ട്. അതുപോലെ കോവിഡ് ബാധയുടെ തീവ്രരംഗങ്ങളായ ആശുപത്രികളിൽ അനേകം വൈദികരും സന്യസ്തരും അത്മായസഹോദരങ്ങളും തങ്ങളുടെ ജീവൻപോലും നിസ്സാരവത്ക്കരിച്ചുകൊണ്ട് ആത്മീയശുശ്രൂഷയിൽ വ്യാപൃതരാണ്. അതുകൊണ്ട് ആത്മീയതയുടെ ശൈത്യകാലമല്ല മറിച്ച് വസന്തമാണ് നാം കടന്നുപോകുന്ന ഈ കൊറോണക്കാലം എന്നത് നമുക്ക് മറക്കാതിരിക്കാം.

ഓരോ ക്രൈസ്തവവിശ്വാസിയെയും സംബന്ധിച്ച് അനിതരസാധാരണമായ ഒരു വിശ്വാസ പ്രതിസന്ധിയും കോവിഡ് രോഗത്തിന്റെ വ്യാപനവും തൽഫലമായ സാമൂഹിക സമ്പർക്ക നിയന്ത്രണങ്ങളും സൃഷ്ടിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. തിരുസഭയുടെ ഇരുപതുനൂറ്റാണ്ട് നീണ്ട ചരിത്രത്തിൽ നീറോയുടെയോ ഡൊമിഷ്യന്റെയോ ഡയോക്ലീഷ്യന്റെയോ എന്തിന് ആധുനിക സ്വേച്ഛാധിപത്യ ഭരണകൂടങ്ങളുടെ കീഴിലോ ഒന്നും സംഭവിക്കാത്തവിധം അടഞ്ഞ ദൈവാലയങ്ങളിൽ വിശ്വാസത്തിന്റെ അടിസ്ഥാനമായ പെസഹാ രഹസ്യങ്ങളും ഉയിർപ്പ് തിരുനാളും ആഘോഷിക്കേണ്ടിവരുന്ന സങ്കടകരമായ കാലത്തെയാണ് നാം അഭിമുഖീകരിക്കുന്നത്. എന്നാൽ, വിശ്വാസത്തിന്റെ അന്തരികനയനങ്ങളിലൂടെ ഈ പ്രതിസന്ധിയെ നോക്കിക്കാണാനും തികഞ്ഞ ക്രിസ്തീയ പ്രത്യാശകൊണ്ട് ഇവയെ മറികടക്കാനും ദൈവമൊരുക്കിയ അസുലഭ അവസരമായി ഈ അവസ്ഥയെ നമുക്ക് സമീപിക്കാം. ഒപ്പം, ആത്മീയതയെക്കുറിച്ചും വിശ്വാസജീവിതത്തെക്കുറിച്ചും നാം ഇതുവരെ മനസിലാക്കിയതും ശീലിച്ചതുമായ കാര്യങ്ങളിൽനിന്ന് വ്യത്യസ്തമായി അനുഷ്ഠാനപരമോ ആരാധനാസ്ഥല കേന്ദ്രീകൃതമോ അല്ലാത്ത ഒരു ആത്മീയത ശീലിക്കാനുള്ള അവസരമാണിത് എന്നുകൂടി ഓർമ്മിപ്പിക്കുന്നു.



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. 06 83957822 – Mob.: 3663124882

ഇവിടെ ഓരോ വിശ്വാസിയും സ്വന്തമാക്കേണ്ടത് യേശുക്രിസ്തുവിലുള്ള വിശ്വാസം അടിസ്ഥാനപരമായി അനുഷ്ടാനകേന്ദ്രീകൃതമോ സ്ഥലബന്ധമോ അല്ല, മറിച്ച്, നസ്രത്തിലെ യേശു എന്ന വ്യക്തിയിലാണ് എന്ന തിരിച്ചറിവാണ്. അതുകൊണ്ടാണ് യേശു പറയുന്നത്: "ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു, അല്ല അത് വന്നു കഴിഞ്ഞു. സത്യത്തിൽ അങ്ങനെയുള്ള ആരാധകരെയാണ് പിതാവ് അന്വേഷിക്കുന്നത്" (യോഹ. 4:21). നമ്മുടെ വിശ്വാസത്തെയും ആത്മീയതയെയും കൂടുതൽ വ്യക്തിപരവും കുടുംബകേന്ദ്രീകൃതവുമാക്കാനുള്ള അവസരമായി നാമിതിനെ സ്വീകരിക്കേണ്ടിയിരിക്കുന്നു. മലബാറിലും ഹൈറേഞ്ചിലും കുടിയേറിയ ആദ്യകാല ക്രൈസ്തവസമൂഹം ദൈവാലയങ്ങളോ വൈദികരോ ഇല്ലാതിരുന്നിട്ടും പതറാതെ വിശ്വാസം തേജോമയമാക്കി നിലനിർത്തിയത് കുടുംബപ്രാർത്ഥനയും വ്യക്തിപരമായ ആത്മീയ നിഷ്ടകളും പാലിക്കുകയും ഭാവിതലമുറയെ ശീലിപ്പിക്കുകയും ചെയ്തതുവഴിയാണ് എന്ന ചരിത്രവസ്തുത നമുക്ക് പ്രചോദനമാണ്. അതിനാൽ, ദൈവാലയങ്ങളിൽ പോകാനോ വി. കുർബാനയോ മറ്റ് കൂദാശകളോ സ്വീകരിക്കാനോ കഴിയാത്ത ഈ കാലത്ത് വിശ്വാസത്തിന്റെ ഏറ്റവും വലിയ പ്രഘോഷണ വേദിയായി നമ്മുടെ ഭവനങ്ങളെ മാറ്റാൻ നമുക്ക് ശ്രദ്ധിക്കാം.

ഭയാശങ്കകളുടെയും ഒറ്റപ്പെടലിന്റെയും ഈ കാലത്ത് പീഡാനുഭവവാരത്തിലേക്കും ഉയിർപ്പ്തിരുനാൾ ആചരണത്തിലേക്കും നാം പ്രവേശിക്കുകയാണ്. ഭൂമിയുടെ വസന്തകാലത്തിന്റെ ആരംഭത്തിലാണല്ലോ നാം ഈസ്റ്റർ ആഘോഷിക്കുന്നത്. ഭൂമിയുടെയും മനുഷ്യവംശത്തിന്റെയും വസന്തമാണ് ഉയിർത്തെഴുന്നേറ്റ മിശിഹാ എന്ന ഓർമ്മപ്പെടുത്തലാണ് ഈ തിരുന്നാൾ. നിരാശയുടെയും മരണത്തിന്റെയും ഇരുൾമൂടിയ നമ്മുടെജീവിതങ്ങളെയും ലോകത്തെയും പ്രത്യാശയും സമാധാനവുംകൊണ്ട് ഉത്ഥിതൻ പ്രകാശിപ്പിക്കട്ടെ. മൂന്നാം സ്വർഗ്ഗംവരെ ഉയർത്തപ്പെട്ട ആത്മീയ മനുഷ്യൻ - വി. പൗലോസ് ശ്ലീഹാ പറയുന്നു: "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല". പ്രിയ സഹോദരങ്ങളെ, സഹന മരണങ്ങളെ വിജയിച്ച് ഉത്ഥിതനായ കർത്താവിലുള്ള പ്രത്യാശ നമ്മുടെ നിരാശാപൂർണ്ണമായ വർത്തമാനകാലത്തെ അതിജീവിക്കാൻ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ വിശുദ്ധവാരവും ഉയിർപ്പ് തിരുനാളും നമുക്ക് ആത്മീയമായ ശക്തിപ്പെടലിന്റെ കാലമാകട്ടെ. അതിന് സഹായകമായ ചില പ്രായോഗിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വലിയആഴ്ച്ചയിൽ പൂർണ്ണമായ ആത്മീയ ചൈതന്യത്തിൽ ആയിരിക്കുകയും ദുഃഖവെള്ളിയാഴ്ച്ച ഉപവാസദിനമായി ആചരിക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.
2. ഭവനങ്ങളിൽ കുടുംബപ്രാർത്ഥനയോടൊപ്പം വചനപാരായണം, കരുണക്കൊന്ത, കുരിശിന്റെവഴി തുടങ്ങിയവ ചൊല്ലി പീഡാനുഭവ സ്മരണ നിലർത്തുന്നതിൽ എല്ലാവരും ഉത്സാഹിക്കണം.
3. പെസഹാ വ്യാഴാഴ്ച്ച നമ്മുടെ സുറിയാനി പാരമ്പര്യത്തിന്റെ സവിശേഷതയായ ഭവന



VIA DEGLI ESTENSI, 137 • 00164 ROMA – ITALIA
TEL. & FAX: 06 4820028 • E-MAIL: apvisitsmfeurope@gmail.com

ങ്ങളിലെ അപ്പംമുറിക്കൽ ശുശ്രൂഷ അനുവദനീയമായ എല്ലാ ഭവനങ്ങളിലും അനുഷ്ഠിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

4. പീഡാനുഭവവാരത്തിൽ സാധ്യമാകുന്ന എല്ലാവരും ഓൺലൈൻ മാധ്യമങ്ങളിലൂടെ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുകയും ഏറ്റവും അടുത്ത സാധ്യമായ അവസരത്തിൽ കുമ്പസാരിക്കാമെന്ന ദൃഢപ്രതിജ്ഞയോടും പൂർണ്ണമായ അനുതാപത്തോടും കൂടി അരൂപിയിലുള്ള വി. കുർബാന സ്വീകരണം നടത്തുകയും ചെയ്യണം (CCC 1452) എന്നും ഓർമ്മിപ്പിക്കട്ടെ.

5. പ്രവാസികളായ നമ്മുടെ സീറോ മലബാർ സഭാമക്കളിൽ നല്ലൊരു ശതമാനം ആതുരശുശ്രൂഷാരംഗത്താണല്ലോ ജോലിചെയ്യുന്നത്. കൊറോണബാധയുടെ ഈ രൂക്ഷമായ അന്തരീക്ഷത്തിൽ ആശുപത്രികളിൽ സ്വന്തം ജീവൻപോലും മറന്ന് സുരക്ഷിതത്വം വകവയ്ക്കാതെ ക്രൈസ്തവ ചൈതന്യത്തോടെ ആതുരശുശ്രയിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുകയും അവരുടെയും അവരുടെ കുടുംബങ്ങളുടെയും സുരക്ഷിതത്വത്തിനുവേണ്ടി പ്രത്യേകമായി എല്ലാവരും പ്രാർത്ഥിക്കുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

6. വത്തിക്കാനിലെ ആരാധനാക്രമ സംബന്ധിയായ കാര്യങ്ങളെക്കുറിച്ചും പൗരസ്ത്യസഭകളെക്കുറിച്ചുമുള്ള തിരുസംഘങ്ങളുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നൽകിയ നിർദ്ദേശങ്ങൾ എല്ലാവരും സ്വീകരിക്കേണ്ടതാണ്.

ഈ വലിയആഴ്ച്ചയിലാണല്ലോ ക്രൈസ്തവലോകം ഏറ്റവുമധികം ദൈവവചനം വായിക്കുന്നതും വി. കുർബാന എന്ന മഹാരഹസ്യത്തിന്റെ സ്ഥാപനവും വി. കുരിശിലൂടെ നേടിയ രക്ഷയും ധ്യാനവിഷയമാക്കുന്നതും. അങ്ങനെ നാമെല്ലാവരും തിരുവചനത്തിലും തിരുസക്രാരിയിലും തിരുക്കുരിശിലുമുള്ള കർത്താവിലേക്ക് ഈ വലിയആഴ്ച്ചയിൽ കൂടുതൽ തീക്ഷ്ണതയോടെ മിഴികളുയർത്താം. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സമാധാനം ഏറ്റവും സ്നേഹപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ വത്സല പിതാവ്,

SYRO-MALABAR AP. VISITATOR
EUROPE

+ മാർ സ്റ്റീഫൻ ചിറപ്പണത്ത്
യൂറോപ്പിന്റെ സീറോ മലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ



VIA DEGLI ESTENSI, 137 • 00164 ROMA – ITALIA
TEL. & FAX: 06 4820028 • E-MAIL: apvisitsmfeurope@gmail.com